**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2491.** **09.03.2018 ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങൾക്ക് സമീപമുള്ള ലഹരി വിൽപ്പന സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങൾക്ക് സമീപം കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ വിദ്യാലയങ്ങൾക്ക് സമീപമുള്ള ലഹരി വിൽപ്പന തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും ശക്തമായ പ്രവർത്തനം നടത്തിവരുന്നു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ലഹരി |

| | | | |
|---|---|---|---|
| | | | വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. |
| (സി) | 2017-18 അധ്യയന വർഷം ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ? | (സി) | |

| ക്രമ നമ്പർ | ജില്ല | എൻ.ഡി.പി.എസ് | കോട്പ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 5 | 1435 | 1440 |
| 2 | കൊല്ലം | 0 | 922 | 922 |
| 3 | പത്തനംതിട്ട | 2 | 0 | 2 |
| 4 | ആലപ്പുഴ | 0 | 149 | 149 |
| 5 | കോട്ടയം | 0 | 108 | 108 |
| 6 | ഇടുക്കി | 0 | 6 | 6 |
| 7 | എറണാകുളം | 0 | 0 | 0 |
| 8 | തൃശ്ശൂർ | 0 | 158 | 158 |
| 9 | പാലക്കാട് | 19 | 401 | 420 |
| 10 | മലപ്പുറം | 11 | 0 | 11 |
| 11 | കോഴിക്കോട് | 7 | 132 | 139 |
| 12 | കണ്ണൂർ | 0 | 0 | 0 |
| 13 | വയനാട് | 1 | 148 | 149 |
| 14 | കാസർഗോഡ് | 0 | 0 | 0 |
| | ആകെ | 45 | 3459 | 3504 |

സെക്ഷൻ ഓഫീസർ